**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4655** **19-03-2025 - ൽ മറുപടിയ്ക്ക്**

**കാസർകോട് ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട് ജില്ലയിൽ പുഴകളും ജലാശയങ്ങളും മലിനമാകാതെ സംരക്ഷിക്കാനും കയ്യേറ്റങ്ങൾ തടയാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കുമോ; | (എ) | പലസ്ഥലങ്ങളിലും പുഴകളുടേയും തോടുകളുടേയും മറ്റ് ജലാശയങ്ങളുടേയും അതിർത്തി നിർണ്ണയിച്ചിട്ടില്ല. റീ സർവ്വേ പൂർത്തീകരിച്ചാൽ മാത്രമേ കയ്യേറ്റം നടന്നിട്ടുണ്ടോ എന്ന് മനസ്സിലാക്കാൻ സാധിക്കു. മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ Water Conservation Act **2018** പ്രകാരം നടപടി സ്വീകരിക്കുന്നതാണ്. തദ്ദേശസ്ഥാപന ങ്ങളുടെ കീഴിൽ വരുന്ന ജലാശയങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ വിവരം ടി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ അറിയിച്ച് നടപടിയെടുക്കാൻ ആവശ്യപ്പെടുന്നതാണ്.<br><br>പൊല്യൂഷൻ കൺട്രോൾ ബോർഡ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഇറിഗേഷൻ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി മീറ്റിംഗ് നടത്തി NGT-യിൽ ഉൾപ്പെട്ട നദികളെ മാലിന്യ മുക്തമാക്കാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. ജല സ്രോതസ്സുകളുടെ അതിർത്തി നിർണ്ണയിച്ച് കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായും റവന്യൂ/സർവ്വേ/ പോലീസ്/പഞ്ചായത്ത് എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് ജില്ലാ കളക്ടർ അധ്യക്ഷനായി സർവ്വേ സെൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സർവ്വേ സെൽ അതിർത്തി നിർണയിക്കുന്ന മുറയ്ക്ക് കയ്യേറ്റം തടയാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>ചൈത്രവാഹിനി പുഴയിലേക്ക് മാങ്ങോട് ലാറ്റക്സ് ഫാക്ടറിയിൽ നിന്ന് മലിനജലം ഒഴുക്കുന്നത് ശ്രദ്ധയിൽപെട്ടിരുന്നു. പ്രസ്തുത സ്ഥലം സന്ദർശിച്ച് മലിനജലം ഒഴുക്കുന്നത് നിർത്തലാക്കിയിരുന്നു. ഇക്കാര്യത്തിൽ ഇനിയൊരു അലംഭാവം കാണിക്കുകയാണെങ്കിൽ കർശന നിയമനടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചുകൊണ്ട് കമ്പനി അധികാരികൾക്ക് കത്ത് നൽകിയിട്ടുണ്ട് |

| | | | |
|---|---|---|---|
| | | | ജലനിധി പദ്ധതികൾ നടപ്പിലാക്കിയപ്പോൾ തന്നെ ജല സ്രോതസ്സുകളുടെ സംരക്ഷണത്തിനും മാലിന്യ മുക്തമാക്കുന്നതിനും യുക്തി സഹമായ വിനിയോഗത്തിനും ഉള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ പദ്ധതിയുടെ ഭാഗമായി ചെയ്തിട്ടുണ്ട്.<br><br>ജലനിധി പദ്ധതികളുടെ നടത്തിപ്പും പരിപാലനവും ബന്ധപ്പെട്ട ഗുണഭോക്തൃ സമിതികളുടെ ചുമതലയിലാണ് നടക്കുന്നത്.<br><br>ജലനിധി ശുദ്ധജല വിതരണ ശുചിത്വ പദ്ധതികൾ നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തുകളിലും സമീപ പ്രദേശങ്ങളിലും ജല ദുരുപയോഗം, മലിനീകരണം തടയുക എന്നീ വിഷയങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനായി സന്നദ്ധ സംഘടനകൾ, ഗുണഭോക്തൃ സമിതികൾ, തുടങ്ങിയവരെ ഉൾപ്പെടുത്തി ബോധവൽക്കരണ പരിപാടികളും പരിശീലന പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്.<br><br>കേരള ജല അതോറിറ്റിയുടെ ജലവിതരണ പദ്ധതികളുടെ സ്രോതസ്സുകളിൽ നിശ്ചിത ഇടവേളകളിൽ പരിശോധനകൾ നടത്താറുണ്ട്. |
| (ബി) | റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് ജില്ലയിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ നടത്തിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | **1)** ഹോസ്ദുർഗ് താലൂക്കിൽ നീലേശ്വരം മുനിസിപ്പാലിറ്റിയിൽ പൊടോതുരുത്തി കായക്കീൽ ഭഗവതി ക്ഷേത്രത്തിന് സമീപം കാര്യങ്കോട് പുഴയുടെ വലതുകര സംരക്ഷണ പ്രവൃത്തി **(40 ലക്ഷം)** -കരാറുകാരന് സൈറ്റ് കൈമാറിയിട്ടുള്ള പ്രവൃത്തി പ്രാരംഭഘട്ടത്തിലാണ്.<br><br>**2)** കാസറഗോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിൽ ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിൽ കിഴക്കേമുറി എന്ന സ്ഥലത്ത് ഏരിഞ്ഞിക്കീൽ പാലത്തിനു മുകൾവശത്ത് കാര്യങ്കോട് പുഴയുടെ ഇടതുകര സംരക്ഷണ പ്രവൃത്തി **(21 ലക്ഷം)** -കരാറുകാരന് സൈറ്റ് കൈമാറിയിട്ടുള്ള പ്രവൃത്തി ആരംഭഘട്ടത്തിലാണ്.<br><br>**3)** കാസറഗോഡ് ജില്ലയിൽ പുത്തിഗെ ഗ്രാമ പഞ്ചായത്തിൽ ശ്രീ മഹാലിംഗേശ്വര ക്ഷേത്രത്തിന് സമീപം അംഗഡിമൊഗർ - ദേലംപാടി എന്ന സ്ഥലത്ത് പുത്തിഗെ പുഴയുടെ വലതുകര സംരക്ഷണ പ്രവൃത്തി റീച്ച് - **1 (50 ലക്ഷം)** - കരാറുകാരന് സൈറ്റ് കൈമാറി, പ്രവൃത്തി ആരംഭഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ